അവസാനിപ്പിക്കണം. കഴിഞ്ഞ 28-ാം തീയതി അവിടെയുള്ള പൊതുജനങ്ങൾ അതിനെ സംബന്ധിച്ച് ഒരു പൊതുയോഗം സംഘടിപ്പിച്ചു. ആ പൊതുയോഗത്തിൽ പങ്കെടുക്കാൻ ഈ സഭയിലെ ബഹുമാന്യനായ പങ്കജാക്ഷൻ എം. എൽ. എ. യും ഞാനും കൂടി പോകുന്ന വഴിക്ക് ഞങ്ങളുടെ വാഹനത്തിന് തകരാറുപറ്റി. പക്ഷെ ഒരു പ്രമുഖ പത്രത്തിൽ വന്ന വാചകം ഞാൻ പറയാം. ''ഞാൻ ഒളിച്ചുകളിക്കുന്നു'' എന്ന്. ഗവൺമെൻറ് പതിച്ചു കൊടുക്കുന്ന ഭൂമിയിൽ ഞാൻ എങ്ങനെയാണ് ഒളിച്ചുകളി നടത്തുന്നത്. അതിന് എക്സപ്ഷൻ വാങ്ങിക്കൊടുത്തത് ഞാനാണ്. അത് പതിച്ചുകൊടുക്കരുതെന്ന് പറഞ്ഞ് 1984-ൽ പഞ്ചായത്ത് കമ്മിറ്റിയും സ്പോൺസറിംഗ് കമ്മിറ്റിയും. പ്രമേയം പാസ്സാക്കിയിട്ട് നടപടി നടത്താൻ ആവശ്യപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ 15 ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സ്റ്റാൻഡേർഡ് ക്ലേ മൈൻസ് എന്ന ഒരു സ്ഥാപനത്തിന് ആ ഭൂമി 20 കൊല്ലത്തേയ്ക്ക് പാട്ടത്തിന് കൊടുത്തിരിക്കുകയാണ്. 1981-ലെ ഒരു ഉത്തരവ് അനുസരിച്ചാണ് പാട്ടത്തിന് കൊടുത്തിരിക്കുന്നത്. രണ്ടായിരമാണ്ടുവരെ ആ ഭൂമി പാട്ടത്തിലാണ്. പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമി പതിച്ചു കൊടുക്കണമെന്ന് പറഞ്ഞ് അപേക്ഷ നൽകി. കളക്ടറുടെ റിപ്പോർട്ട് സ്വീകരിച്ച് ആ അപേക്ഷ പരിശോധിച്ച് ഞാനും കൂടി കണ്ട് അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് കൊടുത്തിട്ടുണ്ട്. അത് പുനഃപരിശോധിക്കേണ്ട യാതൊരു ആവശ്യവും ഉണ്ടെന്ന് കരുതുന്നില്ല. മാത്രമല്ല തഹശീൽദാരോ മറ്റ് ആരെങ്കിലുമോ വിചാരിച്ചാൽ അത് കൊടുക്കാൻ സാധിക്കുകയില്ല. ഗവൺമെൻറ് അറിയാതെ അത് പതിച്ചുകൊടുക്കാൻ കഴിയുകയില്ല. അങ്ങനെയുള്ള യാതൊരു നടപടിയും കൈക്കൊള്ളുന്നതല്ല. ബഹുമാനപ്പെട്ട മെമ്പർ എന്നെ അടുത്ത് പറയുകയും ഞാൻ അദ്ദേഹത്തോട് മറുപടി പറയുകയും ചെയ്തതാണ്. സ്ക്കൂളിന് കൊടുക്കുന്ന കാര്യം പ്രത്യേകമാണ്. അത് പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമിയാണ്.

(5) ഇഷ്ടിക വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, തിരുവനന്തപുരം ജില്ലയിൽ, പ്രത്യേകിച്ച് നെടുമങ്ങാട്, നെയ്യാറിൻകര താലൂക്കുകളിലെ ഇഷ്ടിക വ്യവസായം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. അടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും വിലകുറച്ച് ഇഷ്ടിക തിരുവനന്തപുരത്തേക്ക് കൊണ്ടുവരുന്നതുകൊണ്ടാണ് ഇവിടത്തെ ഇഷ്ടികയ്ക്ക് മാർക്കറ്റ് ഇല്ലാത്തത്. തമിഴ്നാട്ടിലാണെങ്കിൽ കുറഞ്ഞ വിലക്ക് ഇഷ്ടികയുണ്ടാക്കാനുള്ള മണ്ണ് ലഭ്യമാണ്. വിറകും കുറഞ്ഞ വിലക്ക് ലഭ്യമാണ്. വളരെ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യാൻ അവിടെ തൊഴിലാളികളെ കിട്ടും. അതുകൊണ്ടാണ് അവിടെ ഉല്പാദിപ്പിക്കുന്ന ഇഷ്ടിക വളരെ കുറഞ്ഞവിലക്ക് ഇവിടെ കൊണ്ടുവന്ന് ചെലവാക്കുന്നത്. നാനൂറോളം വ്യവസായ യൂണിറ്റുകളും അവയെ ആശ്രയിച്ചുകഴിയുന്ന പതിനയ്യായിരത്തോളം തൊഴിലാളികളും ഇന്ന് പട്ടിണിയിലും പ്രതിസന്ധിയിലുമാണ്. അതുകൊണ്ട് ഈ വ്യവസായം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികളും ഈ ഗവൺമെൻറ് സ്വീകരിക്കണം. തമിഴ്നാട്ടിൽ നിന്ന് ഇവിടെ ഇറക്കുമതി ചെയ്യുന്ന ഇഷ്ടിക നിയമംമൂലം തടയണം. അതുപോലെ ഇഷ്ടിക വ്യവസായം പരമ്പരാഗത വ്യവസായമായി അംഗീകരിക്കണം. ഇഷ്ടിക തൊഴിലാളികൾക്ക് സർക്കാരിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും നൽകണം. ഇന്ന് ഇഷ്ടികക്ക് ഏർപ്പെടുത്തിയിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

നികുതി പിൻവലിക്കണം. ഇതാണ് ഇതിനെ സംബന്ധിച്ച് എനിക്ക് ഗവൺമെൻറിനോട് അപേക്ഷിക്കാനുള്ളത്. ഇതിനെ സംബന്ധിച്ച് അവർ ഗവൺമെൻറിൽ റെപ്രസെൻറേഷൻ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത് അടിയന്തിരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ തമിഴ്നാട്ടിൽ നിന്നും വീടുകളുടെ ആവശ്യത്തിനുള്ള ഇഷ്ടിക കേരളത്തിലേക്ക് വരുന്നുണ്ട്. അതിൽ പറഞ്ഞ ഒരു പ്രശ്നം തമിഴ്നാട്ടിൽ ഇഷ്ടിക ഉണ്ടാക്കുന്നതിനുവേണ്ട വിറകിന്റെയും അസംസ്കൃത സാധനങ്ങളുടെ വിലയും കൂലിച്ചെലവും വളരെ കുറവായതുകൊണ്ട് ഇഷ്ടിക വില വളരെ കുറവാണെന്നതാണ്. അതേ സമയം ഇവിടെ ഈ പറഞ്ഞ അസംസ്കൃത സാധനങ്ങളുടെ വിലയും കൂലി ചെലവും, വിറകിന്റെ വിലയും വളരെ കൂടുതലായതുകൊണ്ട് നമ്മുടെ ഇഷ്ടികക്ക് വില വളരെ കൂടുതലാണ്. അതുകൊണ്ടാണ് തമിഴ്നാട്ടിൽ നിന്നും ഇങ്ങോട്ട് വരുന്നുള്ള സാഹചര്യമുണ്ടായത്. പക്ഷെ തമിട്ട്നാട്ടിൽ ഇഷ്ടികക്ക് നികുതിയില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ വരുമ്പോൾ ഉപഭോക്താവായ വീട് നിർമ്മാണക്കാർക്ക് സെയിൽസ്ടാക്സ് ഈടാക്കാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്. കച്ചവടക്കാരുടെ സെയിൽസ് ടാക്സിന്റെ പോയിന്റിൽമാത്രമാണ് നികുതിയുള്ളത്. എന്തായാലും ശരി അതൊരു നിയമംമൂലം നിയന്ത്രിക്കാൻ നമുക്ക് കഴിയുകയില്ല. കാരണം പാലക്കാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ഇഷ്ടികയുടെ നല്ലൊരു ഭാഗം കോയമ്പത്തൂരാണ് കൊണ്ടുചെന്ന് വിൽക്കുന്നത്. നമ്മൾ ഒരു സംസ്ഥാനത്തുനിന്ന് ഇങ്ങോട്ട് ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചാൽ അത് ബുദ്ധിമുട്ടാണ്. ഇതിന്റെ വിലകൂടി തമ്മിലുള്ള അന്തരം സെയിൽസ് ടാക്സ് മൂലമാണെങ്കിൽ തീർച്ചയായും ഗവൺമെൻറ് അത് പരിശോധിക്കുന്നതാണ്. കേരളത്തിൽ നാടൻ ഇഷ്ടിക ഉണ്ടാക്കുന്ന നിരവധി ആളുകളുടെ നിവേദനങ്ങൾ ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. റവന്യൂ ബോർഡിനോട് അത് പരിശോധിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ പരിശോധിച്ചു കഴിഞ്ഞപ്പോൾ ഏകദേശം 15 ലക്ഷം രൂപ ഇഷ്ടികയുടെ കാര്യത്തിൽ നഷ്ടമുണ്ടായി എന്നു കണ്ടു. റവന്യൂബോർഡ് അത് പരിശോധിച്ച് ഗവൺമെൻറിന് റിപ്പോർട്ട് തരുന്നതനുസരിച്ച് ആ റിപ്പോർട്ടും കൂടി പഠിച്ചതിനുശേഷം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഗവൺമെൻറ് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

(6) അസംഘടിത മേഖലയിലെ ബീഡി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. വി. താമരാക്ഷൻ : സർ, ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും സംഘടിതമേഖലയിലെ ബീഡി തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അസംഘടിതമേഖലയിലെ അൻപതിനായിരത്തിൽപരം വരുന്ന ബീഡി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. സംസ്ഥാനഗവൺമെൻറ് കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി ഇന്നുള്ള ബീഡി സിഗാർ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുകൂടി ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യം കിട്ടാനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം സംസ്ഥാന ഗവൺമെൻറ് ബീഡിത്തൊഴിലാളികൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly